# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/14/2018 2018 ജനുവരി 17

## പത്രക്കുറിപ്പ്

### പരീക്ഷാ തീയതി

ഒന്നാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്, 2017 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ജനുവരി 23ന് ആരംഭിക്കും. ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### ബി.എസ്.സി. സൂക്ഷ്മപരിശോധന

2016 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എസ്.സി. പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾ ജനുവരി 22, 23, 24 തീയതികളിൽ സർവ്വകലാശാലയിലെ പുതിയ പരീക്ഷാഭവനിൽ ഇജെ - 7 (റൂം നമ്പർ 226) സെക്ഷനിൽ തിരിച്ചറിയൽ രേഖകളുമായി ഹാജരാകണം.

### പരീക്ഷാഫലം

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. കെമിസ്ട്രി/അനലിറ്റിക്കൽ കെമിസ്ട്രി/അപ്ലൈഡ് കെമിസ്ട്രി/ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി, പോളിമർ കെമിസ്ട്രി (സി.എസ്.എസ്. റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 2 വരെ അപേക്ഷിക്കാം.

### പി.എച്ച്.ഡി. നൽകി

എൻവയോൺമെന്റൽ സയൻസസിൽ ആർ. ശ്രീജയ്ക്കും, കെമിസ്ട്രിയിൽ എം. ഷീല ഗോപാൽ, മഞ്ജുമോൾ മാത്യു, പി.ആർ. മനോജ്, ജൂൺ സിറിയക് എന്നിവർക്കും ബോട്ടണിയിൽ അൽകാ ഇ. വർഗ്ഗീസിനും, ഫിസിക്സിൽ ജിഷ ജോണിനും, നിയമത്തിൽ എ. സുഹൃത്കുമാറിനും, ഇലക്ട്രോണിക്സിൽ മഞ്ജു എബ്രഹാമിനും, സംസ്കൃതത്തിൽ വി. അനിജകുമാരിക്കും, ഹിന്ദിയിൽ വി.കെ. അശ്വതിക്കും, കൊമേഴ്സിൽ പി. മുഗേഷ്, എ. ജെസീന എന്നിവർക്കും ഹിസ്റ്ററിയിൽ ജിനു ജോർജ്ജിനും ഇംഗ്ലീഷിൽ പി.വി. ഷിബുവിനും, സിറിയക്കിൽ ഫാ. വർഗീസ് പി. വർഗീസ്, തേജസ് പോൾ എന്നിവർക്കും സോഷ്യൽ വർക്കിൽ എസ്.പി. രാജീവിനും മഹാത്മാഗാന്ധി സർവ്വകലാശാല പി.എച്ച്.ഡി. ബിരുദം നൽകുവാൻ തീരുമാനിച്ചു.

### 'കേരളത്തിലെ ജൂത ചരിത്രസ്മാരകങ്ങളുടെ അവസ്ഥ പരിതാപകരം' - ജൂതചരിത്ര ഗവേഷകൻ തൗഫീഖ് സഖറിയ

കേരളത്തിലെ ജൂതപാരമ്പര്യത്തിന്റെ നേർസാക്ഷ്യങ്ങളായ സിനഗോഗുകളിൽ അവശേഷിക്കുന്ന ചിലതിന്റെ നില പരിതാപകരമെന്ന് ജൂതചരിത്ര വിദഗ്ധനായ തൗഫീഖ് സഖറിയ. മഹാത്മാഗാന്ധി സർവ്വകലാശാല രാജ്യാന്തരപഠന വകുപ്പിന്റെ പശ്ചിമേഷ്യൻ പഠനവിഭാഗം സംഘടിപ്പിച്ച 'ജൂത സമൂഹത്തിന്റ കേരള മലയാള ബന്ധങ്ങൾ' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു തൗഫീഖ്. ജൂതർ ഇസ്രയേലിലേക്ക് മടങ്ങിയപ്പോൾ പഞ്ചായത്തിന് കൈമാറിയ മാളയിലെ സിനഗോഗ് നാശോന്മുഖമാണ്. ജൂത സെമിത്തേരിയിലെ ഒരു കല്ലറ മാത്രമാണ് അവശേഷിക്കുന്നത്. കല്ലുകൾ പലയിടത്തും അലക്കുകല്ലും ചവിട്ടുപടിയുമാണ്. കൊച്ചിയിലെ കാവുംഭാഗം സിനഗോഗിന്റെയും അവസ്ഥ ഇതാണ്. സിനഗോഗുകളെ സംരക്ഷിക്കുന്നതിൽ സർക്കാരും സമൂഹവും വിമുഖത കാട്ടുകയാണെന്നും തൗഫീഖ് പറഞ്ഞു.

ജൂത, ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങൾ തമ്മിൽ പരസ്പരം സാഹോദര്യത്തോടെയാണ് കേരളത്തിൽ വസിച്ചുവരുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ജൂതവംശജനായ ഡച്ച് നയതന്ത്രപ്രതിനിധി എസ്.എൽ.കെ.റെഹാബി മുസ്ലീം ദേവാലയങ്ങൾ നിർമ്മിക്കാൻ മുൻകൈ എടുക്കുകയും സിറിയയിൽ നിന്ന് ക്രിസ്ത്യൻ പുരോഹിതരെ കേരളത്തിലേക്ക് കൊണ്ടുവരാൻ സഹായിക്കുകയും ചെയ്തതായി തൗഫീഖ് ചൂണ്ടിക്കാട്ടി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**